**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 22 .07 .2023**

# "കൈക്കൂലി കേസിൽ മുൻ (ഗ്രേഡ് ) പോലീസ് സബ് ഇൻസ്പെക്ടറെ വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു"

കോതമംഗലം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ് ഇൻസ്പെക്ടറായിരുന്ന മുഹമ്മദ് അഷറഫ് 5,000/- രൂപ കൈക്കൂലി വാങ്ങിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് (22/07/2023) മൂന്ന് വർഷം കഠിന തടവിനും 65,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2012 ഡിസംബർ മാസം ഇടുക്കി കോതമംഗലം പോലീസ് സ്റ്റേഷൻ പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ് ) ആയി ജോലി നോക്കിയിരുന്ന മുഹമ്മദ് അഷറഫ് പരാതിക്കാരൻ പ്രതിയായ കേസ്സിൽ ജാമ്യം ലഭിക്കാത്ത വകുപ്പുകൾ ഒഴിവാക്കി സ്റ്റേഷൻ ജാമ്യം ലഭിക്കുന്നതിന്, പരാതിക്കാരനിൽ നിന്നും 2012 ഡിസംബർ മാസം പതിനേഴാം തിയതി 5,000/- രൂപ കൈക്കൂലി വാങ്ങവെ മുൻ എറണാകുളം വിജിലൻസ് ഡി. വൈ. എസ്. പി. ശ്രീ. ജേയിംസ് ജോസഫ് കൈയോടെ അറസ്റ്റ് ചെയ്ത് രജിസ്റ്റർ ചെയ്ത കേസ്സിൽ, മുൻ എറണാകുളം വിജിലൻസ് ഡി. വൈ. എസ്. പി. ശ്രീ. എ. ഡി. ബാലസുബ്രഹ്മണ്യൻ അന്വേഷണം നടത്തി, തുടർന്ന് മുൻ എറണാകുളം വിജിലൻസ് ഡി. വൈ. എസ്. പി. ശ്രീ. എം. എൻ. രമേഷ്. കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ മുഹമ്മദ് അഷറഫ് കുറ്റക്കാരനാണെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് കണ്ടെത്തിയത്. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർമാരായ ശ്രീമതി ഉഷ കുമാരി. കെ, ശ്രീമതി സരിത. വി. എ. എന്നിവർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.